(ഡി) തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഏറിയ പങ്കും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

(ഇ-ജി) 1978 മുതൽ വാർഷിക ഗ്രാന്റ് ലഭിക്കുന്നു. 1978 മുതൽ 1994 വരെ സ്റ്റേറ്റ് റിസോഴ്സസ് സെന്ററിന് ലഭ്യമായ ഗ്രാന്റിൽ 80% കേന്ദ്ര സർക്കാരും 10% സംസ്ഥാന സർക്കാരും 5 % സന്നദ്ധ സംഘടനകളുമാണ് നൽകിയിരുന്നത്. 1994 മുതൽ 1999-2000 സാമ്പത്തിക വർഷംവരെ 25 ലക്ഷം രൂപ വാർഷിക ഗ്രാന്റായി കേന്ദ്രത്തിൽ നിന്നും സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് നേരിട്ടാണ് ലഭിക്കുന്നത് 2000-2001 മുതൽ അടുത്ത വർദ്ധനവുണ്ടാക്കുന്നതുവരെ നാൽപ്പതു ലക്ഷം രൂപ ഗ്രാന്റായി ലഭിക്കുന്നതാണ്.

റോഡ്സ് ആന്റ് ബ്രിഡ്ജ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള പണികൾ

71 (496) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഇതുവരെ ഏറ്റെടുത്തിട്ടുള്ള പണികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഏറ്റെടുത്ത പണികളുടെ പ്രവർത്തന പുരോഗതി വിശദീകരിക്കുമോ ;

(സി) വീതികുറഞ്ഞ റോഡുകൾ വീതികൂട്ടുന്ന പണി ഏറ്റെടുക്കാൻ ഈ കോർപ്പറേഷന് ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) 12 റെയിൽവേ ഓവർബ്രിഡ്ജുകളുടെ പണി കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്.

(ബി) പണികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

വില്ലേജ് റോഡുകളുടെ ടെണ്ടർ

72 (498) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിരുന്ന വില്ലേജ് റോഡുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടെണ്ടർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ റോഡുകളാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഇനത്തിലുള്ള ഏതെല്ലാം റോഡുകൾ നബാർഡ് സഹായത്തോടെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പുതുതായി ഏതെങ്കിലും റോഡുകൾ നബാർഡ് സഹായത്തോടെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധം 'എ'യിൽ കൊടുത്തിരിക്കുന്നു.*

(സി) അനുബന്ധം 'ബി'യിൽ കൊടുത്തിരിക്കുന്നു.*

(ഡി) ഉണ്ട്.

(ഇ) ഇതിന്റെ പ്രാരംഭ രൂപരേഖ തയ്യാറാക്കി പരിശോധിച്ചുവരുന്നു.

കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള തുക

73(499) ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ല്യു.ഡി. കോൺട്രാക്ടർമാർക്ക് പി.ഡബ്ല്യു.ഡി. യിൽ നിന്നും കൊടുക്കുവാനുള്ള കുടിശ്ശിക എത്ര ;

(ബി) ഡിവിഷൻ അടിസ്ഥാനത്തിൽ ഈ തുക എത്ര വീതം എന്ന് വ്യക്തമാക്കാമോ ;

(സി) 1999 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷം ഈ കുടിശ്ശിക ഓരോ ഡിവിഷൻ അടിസ്ഥാനത്തിലും എത്ര വീതം ആയിരുന്നു ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ ഡിവിഷനിലും എത്ര രൂപ വീതം കൊടുത്തു എന്ന് വ്യക്തമാക്കാമോ ;

(ഇ) കുടിശ്ശിക തീർക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡം എന്താണ് ;

(എഫ്) മുൻഗണനാ ലിസ്റ്റ് ലംഘിച്ച് ആർക്കെങ്കിലും പണം നൽകിയിട്ടുണ്ടോ ;

(ജി) എങ്കിൽ അതിന്റെ സാഹചര്യം എന്താണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly